ഇരവൂർ സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി

48(2516) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഇരവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്നാണ് ; പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് സ്ട്രെംഗ്ത് ലഭ്യമാക്കുമോ; താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് സ്ട്രെംഗ്ത് അനുവദിക്കണമെന്നുള്ള പ്രൊപ്പോസലിൽ നാളിതുവരെയായി നടപടി ഉണ്ടാകാത്തതിന്റെ കാരണം വിശദമാക്കുമോ; അടിയന്തരമായി സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നാഷണൽ ഹൈവേകൾക്കു സമീപമുള്ള ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂർ കാഷ്വാലിറ്റി സംവിധാനം അനുവദിക്കുമെന്ന ബഹു. ആരോഗ്യ വകുപ്പു മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എൻ.എച്ച്. 47-ന് സമീപത്ത് സ്ഥിതി ചെയ്യുന്ന ഇരവൂരിൽ പ്രസ്തുത സംവിധാനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 20-8-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 557/10/ആ.ക.വ. എന്ന ഉത്തരവ് പ്രകാരമാണ് ഇരവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. ടി ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.* ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കപ്പെടുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പരിഗണിക്കുന്നതാണ്.

(ബി) 16-11-2015-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 261/2015/ ആ.ക.വ ഉത്തരവുപ്രകാരം മുപ്പത്തിയഞ്ച് താലൂക്ക് ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും കാഷ്വാലിറ്റി സംവിധാനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇവയിൽ അധികം ആശുപത്രികളും ഹൈവേകൾക്കു സമീപമാണ് സ്ഥിതി ചെയ്യുന്നത്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly